നെല്ലുകേസ്സ്

*൧൦൫൧ (൪൫) സാഹിബ് ബഹദൂർ ചെല്ലാടി റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) കാരാഞ്ചിക്ക് തെക്കുഭാഗത്തുവച്ച് നടത്തിരുത്തിയിലേക്ക് നെല്ലാക്കുനെല്ല് കൊച്ചുറ്റപ്പ എന്നൊരാൾ കടത്തിക്കൊണ്ടുപോയതായി വല്ല പരാതിയും പോലീസിൽ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വല്ല കേസും റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള.

(എ) ഇല്ലാ.

(ബി) ഉദിക്കുന്നില്ല.

നെല്ലുസംഭരണം

*൧൦൫൨ (൩൩) ശ്രീ. എസ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര താലൂക്കിൽ വെള്ളായണിയിൽനിന്നും ൧൯൫൮, ൧൯൫൯ ഈ ആണ്ടുകളിൽ ആകെ എത്ര പറ നെല്ലുവിതം സംഭരിച്ചിട്ടുണ്ട്;

(ബി) വെള്ളായണിയിൽ ആകെ എത്ര ഏക്കർ സ്ഥലം നെൽക്കൃഷി ചെയ്യുന്നുണ്ട്;

(സി) അവിടത്തെ കർഷകരുടെ കാർഷിക പുരോഗതിക്കുവേണ്ടി വെള്ളം വറ്റിക്കുന്നതിനു ഗവണ്മെൻറിൽനിന്നും എത്ര സഹായം ചെയ്യുന്നുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ൧൯൫൮-ൽ ൩,൪൦൦ പറ.
൧൯൫൯-ൽ ൪൦൧൦ ,,

(ബി) ൩൪൫ എക്കർ, ൫ സെൻറ്.

(സി) പ്രസ്തുത നിലങ്ങളിലെ വെള്ളം വറ്റിക്കുന്നതിനു വേണ്ട എഞ്ചിനുകൾ പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറ് ചെയ്തുകൊടുക്കുന്നുണ്ട്.

PERUNCHANI DAM

*1083. [69] **Sri. Sree V. Das:** Will the Hon'ble Minister for Food be pleased to answer the following questions:—

(*a*) when the Perunchani Dam will be completed;

(*b*) are Government aware that though the Perunchani Dam is completed the water of the Dam cannot be made good use of as expected unless the Thovala Channel is widened;

(*c*) Have Government prepared any scheme for improving the Thovala Channel;

(*d*) if so what is the approximate estimate;

(*e*) when do Government propose to begin the work?

Chief Minister **(Sri. C. Kesavan):**

(*a*) The Perunchani Dam is expected to be completed by the end of 1951.

(*b*) Yes.

(*c*) Yes.

LIBRARY ARCHIVES Kerala Legislative Assembly

(*d*) Estimates are prepared section by section. An estimate of Rs. 3,68,000 has already been sanctioned for improving the Section covering miles 15 and 16. The estimates for the other sections are under preparation. The total estimate amount cannot be given now.

(*e*) The actual execution can only be done during the months from March to May when the channes are closed.

വിവാഹസദ്യാലയം

*ഫ ൦ വ്യ ര് (൭൨) ശ്രീ. ഇയ ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വക്കല ഒരു വിവാഹസദ്യാലയം ഉള്ളതായി അറിയാമോ;

(ബി) അവിടെ സദ്യ നടത്തുന്നതിനാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സർക്കാരിൽനിന്നും കൊടുക്കാറുണ്ടോ;

(സി) ആ സ്ഥാപനത്തിന് റേഷൻകാർഡോ, പെർമ്മിറ്റോ ഉണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വക്കലയിൽ പല വിവാഹ സദ്യാലയങ്ങൾ ഉള്ളതായി അറിയാം;

(ബി) ഇല്ല.

(സി) ഇല്ല.

വേളാർ സമുദായം.

*ഫ൦വ്യ൭ (൭൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ:

(എ) വേളാർ സമുദായത്തിന്റെ അവശതാപരിഹാരത്തിനായി ഗവണ്മെന്റ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(ബി) തൊഴിൽപരമായി പ്രസ്തുത സമുദായത്തിന്റെ ഏകാവലംബമായ മൺപാത്രവ്യവസായത്തിന്റെ പുരോഗതിക്കായി ഗവണ്മെന്റ് എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ):

(എ) ഉണ്ട്. മറ്റു പിന്നോക്ക സമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള സൗജന്യങ്ങളെല്ലാം ഈ സമുദായത്തിനും അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സമുദായത്തിന്റെ സമ്പത്തോന്മുഖമായ ഉന്നമനത്തിന്നായും തൊഴിൽപരമായി മൺപാത്രവ്യവസായത്തിന്റെ പുരോഗതിക്കായും ഉള്ള അവരുടെ ആവശ്യങ്ങൾ ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

പുതിയ വ്യവസായങ്ങൾ

*ഫ൦വ്യന്യ. (വ്യ൦) ശ്രീ. കെ. കെ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായികമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു പുതിയ വ്യവസായങ്ങൾ വല്ലതും ഗവണ്മെൻറ് നേരിട്ടോ മറ്റുവിധത്തിലോ തുടങ്ങുന്നതിന് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണ്;

(സി) ഓരോ വ്യവസായത്തിനും വേണ്ടിവരുന്ന മൂലധനം എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly